(ബി) ഈ പദ്ധതി പ്രവർത്തന പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇതിനായി കോട്ടയം മെഡിക്കൽ കോളേജിൽ 53 ലക്ഷം രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അർഹരായ എല്ലാ കുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എല്ലാ സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും, പരിയാരം മെഡിക്കൽ കോളേജ്, കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജ്, മലബാർ കാൻസർ സെന്റർ, എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്റർ, ഐ.എം.സി.എച്ച്. കോട്ടയം, തൃശ്ശൂർ ചെസ്റ്റ് ഹോസ്പിറ്റൽ തുടങ്ങിയ സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളിൽ ഇപ്പോൾത്തന്നെ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ബാധിതരുടെ ആവശ്യത്തിനു മാത്രമായി കാസർഗോഡ് ജില്ലാ/താലൂക്ക് ആശുപത്രികൾ കൂടി ഈ പദ്ധതിയിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി കൂടുതൽ ഫണ്ട് സ്വരൂപിക്കുന്നതിന് പേമെന്റ് ഗേറ്റ്‌വേ എന്ന പദ്ധതിയിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് ഇൻകം ടാക്സ് ഇളവ് ലഭിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ് സൈറ്റിലൂടെ സന്മനസ്സുള്ള എല്ലാവർക്കും സംഭാവന നൽകാവുന്ന വിധത്തിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(II) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ പോളി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി

1 (2031) ശ്രീ. കെ. ബാബു:
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ (Community Health Centre) പോളിക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ :

(ബി) ഇപ്പോൾ ഇത്തരത്തിൽ എത്ര കേന്ദ്രങ്ങളിൽ പോളിക്ലിനിക്കുകൾ പ്രവൃത്തിക്കുന്നു എന്നറിയിക്കുമോ ;

(സി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുക ;

(ഡി) ഇത്തരം കേന്ദ്രങ്ങളിൽ പോളിക്ലിനിക്കുകൾ തുടങ്ങുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഓരോ ജില്ലയിലും എത്തൊക്കെ കേന്ദ്രങ്ങളിൽ ഇത്തരം പോളിക്ലിനിക്കുകൾ ആരംഭിക്കാനുള്ള നടപടികളാണ് ഇപ്പോൾ കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) 25 കേന്ദ്രങ്ങളിൽ പോളി ക്ലിനിക്കുകൾ ആരംഭിച്ച് ഉത്തരവായിട്ടുണ്ട്.

(സി-ഇ) ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

ഫസ്റ്റ് റഫറൽ ആശുപത്രികൾ

2 (2036) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-2010 വർഷത്തിൽ സംസ്ഥാനത്ത് എത്ര ആശുപത്രികളെ ഫസ്റ്റ് റഫറൽ ആശുപത്രികളാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് പേർ സഹിതം വെളിപ്പെടുത്തുമോ ;

(ബി) ഫസ്റ്റ് റഫറൽ ആശുപത്രിയിൽ രോഗികൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) കണ്ണൂർ ജില്ലയിൽ പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ഫസ്റ്റ് റഫറൽ ആശുപത്രിയാക്കി ഉയർത്താനുള്ള അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പാനൂർ സി.എച്ച്.,സി.യെ ഫസ്റ്റ് റഫറൽ ആശുപത്രിയായി ഉയർത്തി രോഗികൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2005-2010 വർഷത്തിൽ സംസ്ഥാനത്ത് ഒരു ആശുപത്രിയും ഫസ്റ്റ് റഫറൽ ആശുപത്രി ആക്കിയിട്ടില്ല.

(ബി) ഈ ആശുപത്രികളിൽ ഗൈനക്കോളജി വിഭാഗം, പീഡിയാട്രിക് വിഭാഗം എന്നിവ കൂടാതെ അനസ്തിറ്റിസ്റ്റും ഉണ്ടാവും. കൂടാതെ മെഡിക്കൽ സർജറി വിഭാഗത്തിലും സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ഇ.സി.ജി, എക്സ്റേ സംവിധാനങ്ങളും ലബോറട്ടറി സംവിധാനങ്ങളും ലഭ്യമാണ്.

(സി&ഡി) റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുന്നതാണ്.

സ്വന്തം വസതിയിലല്ലാതെ പ്രാക്ടീസ് നടത്തിയ ഡോക്ടർമാർക്കെതിരെ നടപടി

3 (2066) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly